**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 90** | **16-09-2025 - ൽ മറുപടിയ്ക്ക്**

**കൂടുതൽ സ്കൂളുകളിൽ എസ്.പി.സി., എൻ.സി.സി. എന്നിവ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം കൂടുതൽ സ്കൂളുകളിൽ എസ്.പി.സി., എൻ.സി.സി. എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 2025-26 അദ്ധ്യയന വർഷം 70 സ്കൂളുകളിൽ കൂടി എസ്.പി.സി. പദ്ധതി തുടങ്ങിയിട്ടുണ്ട്. 10 സർക്കാർ ഹൈസ്കൂളുകളും 60 എയ്ഡഡ് ഹൈസ്കൂളുകളും ആണ് പുതുതായി പദ്ധതിയുടെ ഭാഗമായത്.എൻ.സി.സി. കേഡറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു എൻ.സി.സി. അഡീഷണൽ ഡയറക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഹയർ സെക്കണ്ടറി സ്കൂളുകളിൽ എസ്.പി.സി. അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് ആകെ 82 ഹയർ സെക്കണ്ടറി സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നിലവിലുണ്ട്. കൂടുതൽ സ്കൂളുകളിൽ പദ്ധതി ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ നഗർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. അനുവദിക്കുന്നതിനും, മുപ്ലിയം ഗവ. എച്ച്.എസ്.എസ്.-ൽ എൻ.സി.സി. അനുവദിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷകളിൽ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ നഗർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിലുണ്ടായിരുന്ന എസ്.പി.സി. യൂണിറ്റ് തുടർച്ചയായ വർഷങ്ങളിൽ ജൂനിയർ കേഡറ്റ് ബാച്ചുകൾ ഇല്ലാതെ സജീവ പ്രവർത്തനം നിലച്ചതിനാൽ 2024-25 വർഷത്തിൽ സർക്കാർ റദ്ദാക്കുകയുണ്ടായി. ജൂനിയർ കേഡറ്റ് ബാച്ചിൽ മിനിമം 44 കേഡറ്റുകൾ വേണമെന്നാണ് പദ്ധതിയുടെ സർക്കാർ അംഗീകൃത രൂപരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നത്. സമർപ്പിച്ചിട്ടുള്ള അപേക്ഷ പ്രകാരം 2025-26 അദ്ധ്യയന വർഷത്തിൽ സ്കൂളിലെ എട്ടാം ക്ലാസ്സിലെ ആകെ അഡ്മിഷൻ 30 കുട്ടികൾ മാത്രമാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത സ്കൂളിന്റെ അപേക്ഷ പരിഗണിക്കുന്നത് പ്രായോഗികമല്ല. മുപ്ലിയം ഗവ. എച്ച്.എസ്.എസ്.-ൽ എൻ.സി.സി. അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ